(ബി) പാചക വാതക സിലിണ്ടറുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്രതൂക്കം സിലിണ്ടറുകളിൽ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും പാചക വാതക വിതരണ രംഗത്തെ പരാതികൾ പരിശോധിക്കുന്നതിനും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും എല്ലാ ജില്ലാ സപ്ലൈ ആഫീസർമാർക്കും താലൂക്ക് സപ്ലൈ ആഫീസർമാർക്കും ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർക്കും, സിറ്റി റേഷനിംഗ് കൺട്രോളർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പും ലീഗൽ മെട്രോളജി വകുപ്പുകളിലെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട സ്പെഷ്യൽ സ്ക്വാഡുകൾ എൽ.പി.ജി. സിലിണ്ടറിന്റെ തൂക്കം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചുവരുന്നു. കുറ്റവാളികൾക്കെതിരെ 1955-ലെ ഇ.സി. ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

എല്ലാ താലൂക്കുകളിലും ഒരേ അളവിൽ റേഷൻ കാർഡിന് മണ്ണെണ്ണ നൽകുന്നതിനുള്ള നടപടി

85 (1657) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതീകരിച്ച വീടുകളിലെ ഓരോ റേഷൻ കാർഡിനും എത്ര ലിറ്റർ മണ്ണെണ്ണ വീതമാണ് ഓരോ മാസവും നൽകി വരുന്നത് ; സംസ്ഥാനത്തെ പല താലൂക്കുകളിലും ചില മാസങ്ങളിൽ കാർഡൊന്നിന് ഒന്നര ലിറ്റർ മണ്ണെണ്ണ വീതമാണ് വിതരണം നടത്തിയിട്ടുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എല്ലാ താലൂക്കുകളിലും ഒരേ രീതിയിൽ മണ്ണെണ്ണ വിതരണം നടത്തുന്നതു സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) വൈദ്യുതീകരിച്ച വീടുകളിലെ ഒരോ റേഷൻ കാർഡിനും 2 ലിറ്റർ വീതം മണ്ണെണ്ണയാണ് നൽകിവരുന്നത്. എന്നാൽ കേന്ദ്രസർക്കാർ മണ്ണെണ്ണയുടെ അലോട്ട്മെന്റ് വെട്ടിക്കുറച്ചതിനെ തുടർന്ന് ഇപ്പോൾ ലഭ്യമായ അലോട്ട്മെന്റിൽ നിന്നും നിശ്ചിത നിരക്ക് അനുസരിച്ച് വിതരണം ചെയ്യാൻ കഴിയുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാർ സംസ്ഥാനത്തിന് ലഭ്യമാക്കുന്ന മണ്ണെണ്ണ, ആവശ്യകതയുടെ അനുപാതം അനുസരിച്ച് താലൂക്കുകൾക്ക് തുല്യമായാണ് വീതിച്ച് നൽകുന്നത്.

1070/2013

LIBRARY ARCHIVES Kerala Legislative Assembly